**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1350** **10-10-2024 - ൽ മറുപടിയ്ക്ക്**

**ഡയറക്ടറേറ്റിലെ ഇ-മെയിൽ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സെക്രട്ടേറിയറ്റിൽ നിന്നും ഡയറക്ടറേറ്റിലേക്ക് വിവിധ റിപ്പോർട്ടുകൾ ആവശ്യപ്പെട്ട് കത്തുകൾ ഇ-മെയിൽ ആയി അയക്കുന്നത് ഡയറക്ടറേറ്റിൽ ലഭ്യമായോ എന്ന് ഉറപ്പ് വരുത്താറുണ്ടോ; വിശദമാക്കാമോ; | (എ) | സെക്രട്ടറിയേറ്റിലെ വിവിധ സെക്ഷനുകളിൽ നിന്നും ഇ-മെയിൽ മുഖേന അയക്കുന്ന കത്തുകൾ ഇന്റർ ഓഫീസ് കമ്മ്യൂണിക്കേഷൻ (ഇ-ഓഫീസ്) മുഖേനയും നൽകാറുണ്ട്. അടിയന്തിര പ്രാധാന്യമുള്ള തപാലുകൾ അയച്ചിട്ടുള്ള വിവരം ഫോൺമുഖേനയും അറിയിക്കാറുണ്ട്. |
| (ബി) | ഈ കത്തുകൾ ഡയറക്ടറേറ്റിൽ ഒരു കോമൺ മെയിൽ ഐഡിയിലേക്കാണോ അതോ പ്രസ്തുത വിഷയം കൈകാര്യം ചെയ്യുന്ന സെക്ഷനിലേക്കാണോ ലഭിക്കാറുള്ളത് എന്ന് വ്യക്തമാക്കാമോ; | (ബി) | സെക്രട്ടറിയേറ്റിലെ വിവിധ സെക്ഷനുകളിൽ നിന്നുമുള്ള കത്തുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ തപാൽ വിഭാഗത്തിലേക്കും ബന്ധപ്പെട്ട സെക്ഷനുകളിലേക്കും ചില മെയിൽ സന്ദേശങ്ങൾ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഔദ്യോഗിക മെയിലിലേയ്ക്കും ലഭ്യമാക്കാറുണ്ട്.<br><br>ഹയർസെക്കണ്ടറിയിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഒഫീഷ്യൽ മെയിൽ ഐ.ഡി-യിലേക്കും, ബ്രാഞ്ച് മേധാവിമാരുടെ ജി മെയിലിലേക്കും കത്തുകൾ ലഭ്യമാക്കാറുണ്ട്.<br><br>പൊതുവിദ്യാഭ്യാസ വി.എച്ച്.എസ്.ഇ വിഭാഗം ഡയറക്ടറുടെ ഔദ്യോഗിക ഇ-മെയിലിൽ ആണ് ഇ-മെയിൽ മുഖാന്തിരമുള്ള കത്തിടപാടുകൾ ലഭ്യമാക്കുന്നത്. |
| (സി) | അയച്ച പല മെയിലുകളും ഡയറക്ടറേറ്റിലെ സെക്ഷനുകളിൽ കിട്ടാത്തത് മൂലം ഫയൽ തീർപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | സെക്രട്ടറിയേറ്റിലെ വിവിധ സെക്ഷനുകളിൽ നിന്നും ഇ-മെയിൽ മുഖേന അയക്കുന്ന കത്തുകൾ ഇന്റർ ഓഫീസ് കമ്മ്യൂണിക്കേഷൻ (ഇ-ഓഫീസ്) മുഖേനയും നൽകാറുണ്ട്. അടിയന്തിര പ്രാധാന്യമുള്ള തപാലുകൾ അയച്ചിട്ടുള്ള വിവരം ഫോൺമുഖേനയും അറിയിക്കാറുണ്ട്. മെയിലുകൾ കിട്ടിയില്ലെന്ന പരാതികൾ ലഭ്യമാകുന്ന പക്ഷം ഉടൻ തന്നെ ബന്ധപ്പെട്ട വകുപ്പിൽ നിന്ന് ടി മെയിലുകൾ ലഭ്യമാക്കി സത്വര നടപടികൾ സ്വീകരിക്കാറുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സെക്രട്ടേറിയറ്റിൽ നിന്നുള്ള ഇ-മെയിൽ ഇടപാടുകൾ ഡയറക്ടറേറ്റിലെ ഈ മെയിൽ ഐഡിയിലേക്ക് അയച്ചശേഷം അവിടെ നിന്ന് സെക്ഷനിലേക്ക് വേർതിരിച്ച് കൊടുക്കാനുള്ള സംവിധാനം ക്രമീകരിക്കുമോ? | (ഡി) | പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽതപാൽ സെക്ഷനിലേക്ക് CRU ലോഗിനിലും മെയിലിലും ലഭിക്കുന്ന സെക്രട്ടറിയേറ്റിൽ നിന്നുള്ള ഇ-മെയിൽ സന്ദേശങ്ങൾ/മറ്റ് കത്തുകൾ തുടങ്ങിയവ ഡയറൈസ് ചെയ്ത് റെസീപ്റ്റ് നമ്പർ രേഖപ്പെടുത്തി ഇ-റെസീപ്റ്റുകൾ ആക്കി ബന്ധപ്പെട്ട സെക്ഷനുകളിലേക്ക് വേർതിരിച്ച് വിതരണം ചെയ്യുന്നതിന് നിലവിൽ ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. അതീവ സത്വരം, confidential തുടങ്ങിയ തപാലുകൾ secret section-ൽ ആണ് കൈകാര്യം ചെയ്തുവരുന്നത്.<br><br>ഹയർസെക്കണ്ടറിയിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഒഫീഷ്യൽ മെയിൽ ഐ ഡി-യിലേക്ക് ലഭിക്കുന്ന കത്തുകൾ നമ്പർ ചെയ്ത് ബന്ധപ്പെട്ട സെക്ഷനുകളിലേക്ക് കൈമാറുന്നതിനുള്ള സംവിധാനം ക്രമീകരിച്ചിട്ടുണ്ട്.<br><br>നിലവിൽ പൊതുവിദ്യാഭ്യാസ (വി.എച്ച്.എസ്.ഇ വിഭാഗം) ഡയറക്ടർക്ക് വരുന്ന ഇ-മെയിലുകൾ സെക്ഷനുകളിലേക്ക് വേർതിരിച്ച് നൽകുന്നതിന് സംവിധാനം ഉണ്ട്. |

സെക്ഷൻ ഓഫീസർ